**മേലെഴുത്ത് നമ്പർ :EA2/5671/2024/DTE**

**06-08-2025**

---

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ **08.07.2025** നടന്ന ഓൺലൈൻ യോഗത്തിന്റെ നടപടിക്കുറിപ്പ് തുടർനടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു. പ്രസ്തുത നടപടിക്കുറിപ്പിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ **06.08.2025** തീയതി **4** മണിക്ക് മുൻപ് **eadtekerala@gmail** എന്ന ഇമെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്(ഹാർഡ് കോപ്പി ആവശ്യമില്ല )

Signed by
Deepa V
Date: 06-08-2025 10:43:48

**Deepa V**
**SENIOR ADMINISTRATIVE OFFICER**

സ്വീകർത്താവ്,
വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന മേധാവികൾക്കും
DTE-ലെ എല്ലാ ബന്ധപ്പെട്ട സെക്ഷനുകളും

**<u>ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 2025 ജൂലൈ 8ന് നടന്ന ഓൺലൈൻ യോഗത്തിന്റെ മിനിറ്റ്സ്</u>**

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1.ശ്രീമതി ശർമ്മിള മേരി ജോസഫ് ഐ.എ.എസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
2.ശ്രീമതി. അനുപമ ടി വി ഐ.എ.എസ്, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ശ്രീ സുധീർ കെ ഐ.എ.എസ്, ഡയറക്ടർ ഓഫ് കോളേജിയേറ്റ് എഡ്യൂക്കേഷൻ
4.ശ്രീ.രാജേഷ്, ജോയിന്റ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
5. മറ്റ് വകുപ്പ് തല പ്രതിനിധികൾ, ഉന്നത വിദ്യാഭ്യാസ വകുപ്പ്
6. ശ്രീമതി നന്ദന എസ് പിള്ളൈ കെ.എ.എസ്, അണ്ടർ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
7. WM ക്യാമ്പയിൻ സെക്രട്ടേറിയറ്റ്

യോഗം വൈകിട്ട് 4.00 മണിക്ക് ആരംഭിച്ചു.

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ശുചിത്വ മാലിന്യ സംസ്കരണം സംബന്ധിച്ച്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അവസ്ഥാ പഠന റിപ്പോർട്ട് ആമുഖമായി തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അവതരിപ്പിച്ചു. തുടർന്ന്, നിലവിൽ വിവര ശേഖരണം പൂർത്തിയായ സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതി, വിവര ശേഖരണത്തിൽ കണ്ടെത്തിയ പ്രധാന വിടവുകൾ, വിടവുകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നീ വിവരങ്ങൾ അടങ്ങിയ വിശദമായ അവതരണം തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി നടത്തി. ആകെ 37.9% ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് വിവര ശേഖരണം പൂർത്തിയായത് എന്നും ആയതിൽ സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ആണ് വിവര ശേഖരണം പൂർത്തിയാക്കാത്തതിൽ അധികവും എന്ന് സ്പെഷ്യൽ സെക്രട്ടറി സൂചിപ്പിച്ചു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പൊതുവായി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന വിടവുകളും അവ പരിഹരിക്കാനുള്ള മാർഗ്ഗങ്ങളും സ്പെഷ്യൽ സെക്രട്ടറി അവതരിപ്പിച്ചു.

തുടർന്ന് നടന്ന ചർച്ചയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാലിന്യ സംസ്ക്കരണ സംവിധാനങ്ങളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി വിവിധ ഫണ്ടുകളുടെ വിനിയോഗവും സംയോജനവും, ഹരിതമിത്രം 2.0 ആപ്ലിക്കേഷന്റെ പരിശീലനം നടത്തുന്നതിനായി എൻ.എസ്.എസ് വോളണ്ടിയർമാരുടെ സേവനം പ്രയോജനപ്പെടുത്തൽ തുടങ്ങിയ വിഷയങ്ങൾ പ്രതിപാദിച്ചു. വിവര ശേഖരണം അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള ഇടപെടൽ നടത്തണമെന്നും, ഹരിതമിത്രം 2.0 ആപ്ലിക്കേഷന്റെ പരിശീലനം നടത്തുന്നതിനായി എൻ.എസ്.എസ് പിന്തുണ നൽകണമെന്നും ഉന്നത

വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. സാനിറ്ററി മാലിന്യ സംസ്ക്കരണത്തിന് അധിക പരിഗണന നൽകണമെന്നും നിലവിൽ സംവിധാനം ഇല്ലാത്ത സ്ഥാപനങ്ങളിൽ സംവിധാനം ഉറപ്പാക്കുന്നത് വരെ ശാസ്ത്രീയമായി സാനിറ്ററി മാലിന്യം ശേഖരിക്കുന്ന ഏജൻസികളുമായി കരാർ ഉണ്ടാക്കി കൈമാറേണ്ടതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. യോഗത്തിലെ പ്രധാന തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

<u>പ്രധാന യോഗ തീരുമാനങ്ങൾ</u>

1. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന വിവര ശേഖരണം 2025 ജൂലൈ 31-ന് മുൻപായി പൂർത്തിയാക്കണം.

**(നടപടി - ഉന്നത വിദ്യാഭ്യാസ വകുപ്പ്; ഡയറക്ടർ/മറ്റു വകുപ്പ് മേധാവിമാർ, ഉന്നത വിദ്യാഭ്യാസ വകുപ്പ്)**

2. മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേനക്ക് കൈമാറുന്നുണ്ട് എന്ന് ഉറപ്പാക്കുക.

**(നടപടി - ഡയറക്ടർ/മറ്റു വകുപ്പ് മേധാവിമാർ, ഉന്നത വിദ്യാഭ്യാസ വകുപ്പ്)**

3. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാലിന്യ സംസ്ക്കരണ സംവിധാനങ്ങളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി ശുചിത്വ മിഷന്റെ ഫണ്ടുകളുടെ വിനിയോഗ സാധ്യത പരിശോധിച്ച് പട്ടിക തയ്യാറാക്കി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറണം.

**(നടപടി: തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ)**

4. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നിർമ്മാണത്തിനായി, സ്വച്ച് ഭാരത് മിഷന്റെ ഫണ്ട് പ്രയോജനപ്പെടുത്തുന്നതിനായുള്ള ഇളവ് ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുക. ആയതിൽ സാനിറ്ററി ഇൻസിനറേറ്റർ വാങ്ങുന്നതിനുള്ള ഫണ്ട് പ്രധാനമായി ഉൾപ്പെടുത്തേണ്ടതാണ്.

**(നടപടി: തദ്ദേശ സ്വയംഭരണ വകുപ്പ്)**

5. ഹരിതമിത്രം 2.0 ആപ്ലിക്കേഷൻ സംബന്ധിച്ച് ഹരിതകർമ്മസേന അംഗങ്ങളുടെ തദ്ദേശ സ്ഥാപന തല പരിശീലന പ്രവർത്തനങ്ങളിൽ എൻ.എസ്.എസ് വോളന്റിയർമാരുടെ സേവനം പ്രയോജനപ്പെടുത്തണം.

**(നടപടി- സംസ്ഥാന എൻ.എസ്.എസ് സെൽ, വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടറിയേറ്റ്)**

6. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ എൻ എസ് എസ്-ന് ഏറ്റെടുക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് രൂപരേഖ തയ്യാറാക്കുക.

(നടപടി : **എൻ എസ് എസ്, വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടറിയേറ്റ്)**

7. ഹരിത കലാലയമായി പ്രഖ്യാപനം നടത്താത്ത ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കണ്ടെത്തി പ്രഖ്യാപനം നടത്തുന്നതിനുള്ള ഇടപെടൽ അടിയന്തരമായി നടത്തണം.

**(നടപടി - ഡയറക്ടർ/മറ്റു വകുപ്പ് മേധാവിമാർ , ഉന്നത വിദ്യാഭ്യാസ വകുപ്പ്)**

8. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതുതായി കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ എല്ലാത്തരം മാലിന്യ സംസ്ക്കരണ സംവിധാനങ്ങളും ഉണ്ടായിരിക്കണമെന്ന് ഉറപ്പാക്കണം.

**(നടപടി - ഉന്നത വിദ്യാഭ്യാസ വകുപ്പ്; ഡയറക്ടർ , ഉന്നത വിദ്യാഭ്യാസ വകുപ്പ്)**

9. വിവര ശേഖരണത്തിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇ - മാലിന്യം, ഫർണിച്ചർ മാലിന്യം എന്നിവ കെട്ടിക്കിടക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി ക്ലീൻ കേരള കമ്പനിക്ക് കൈമാറുക. പട്ടിക പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും അവ നീക്കം ചെയ്യുന്നതിനായുള്ള ഇടപെടൽ നടത്തുക. ഒപ്പം മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ക്ലീൻ കേരള കമ്പനിയുമായുള്ള ഏകോപനം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

**(നടപടി -ഉന്നത വിദ്യാഭ്യാസ വകുപ്പ്; ഡയറക്ടർ , ഉന്നത വിദ്യാഭ്യാസ വകുപ്പ്; ക്ലീൻ കേരള കമ്പനി, വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടറിയേറ്റ് - തദ്ദേശ സ്വയംഭരണ വകുപ്പ്)**

10. യൂണിവേഴ്സിറ്റികളുടെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മേലധികാരികളുമായി തുടർന്ന് നടക്കുന്ന യോഗങ്ങളിൽ മാലിന്യ സംസ്കരണം അജണ്ട ആകണം.

**(നടപടി - ഉന്നത വിദ്യാഭ്യാസ വകുപ്പ്; ഡയറക്ടർ, ഉന്നത വിദ്യാഭ്യാസ വകുപ്പ്; )**

11. മാലിന്യ സംസ്കരണം പ്രധാന അജണ്ടയാക്കി ഉന്നത വിദ്യാഭ്യാസ സ്ഥാപന ങ്ങളിലെ മാനേജ്മെന്റ് അസ്സോസിയേഷനുകളുടെ യോഗം വിളിച്ച് ചേർക്കണം.

**(നടപടി -ഉന്നത വിദ്യാഭ്യാസ വകുപ്പ്; ഡയറക്ടർ , ഉന്നത വിദ്യാഭ്യാസ വകുപ്പ്)**

യോഗം 5.00 മണിക്ക് അവസാനിച്ചു.

ഡോ. ഷർമിള മേരി ജോസഫ്

പ്രിൻസിപ്പൽ സെക്രട്ടറി